## എസ്.എസ്.എല്.സി. - മൂല്യനിർണയം

മാർച്ച് *2011* ലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയ ക്യാമ്പുകൾ ഏപ്രിൽ ഒന്നുമുതൽ ആരംഭിച്ച് ഇരുപതിന് അവസാനിക്കുന്നതരത്തിൽ പുന:ക്രമീകരിക്കാൻ ഡി.പി.ഐയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മോണിറ്ററിങ് കമ്മറ്റി തീരുമാനിച്ചു. മൂല്യനിർണയം ഒന്നാം ഘട്ടം ഏപ്രിൽ ഒന്നുമുതൽ ഒൻപതുവരെയും രണ്ടാം ഘട്ടം ഏപ്രിൽ *16* മുതൽ *20* വരെയുമായിരിക്കും. ഏപ്രിൽ *10* മുതൽ *15* വരെ ക്യാമ്പിന് ഇടവേള ആയിരിക്കും. മൂല്യനിർണയം *12* ദിവസങ്ങളിൽ പൂർത്തിയാക്കാനും കൂടുതൽ അദ്ധ്യാപകരെ മൂല്യനിർണയ ക്യാമ്പുകളിൽ നിയമിക്കാനും തീരുമാനമായി. അധികമായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്കുള്ള നിയമന ഉത്തരവ് ഇന്ന് *(*മാർച്ച് *10)* മുതൽ പരീക്ഷാ ഭവനിൽ നിന്ന് അയച്ചുതുടങ്ങും. ഉത്തരക്കടലാസുകളുടെ മൂല്യനിർണയത്തിനുമുന്നോടിയായി സ്കീം ഫൈനലൈസേഷൻ ക്യാമ്പുകൾ മാർച്ച് അവസാന ആഴ്ചയിൽ നടത്തും. ഈ ക്യാമ്പുകളിലാണ് ഉത്തരസൂചികകൾക്ക് അവസാന രൂപം നൽകുന്നത്. സ്കീം ഫൈനലൈസേഷൻ ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്ന സ്കൂളുകൾ ചുവടെ. മാർച്ച് *28, 29* മോഡൽ ബോയ്സ് എച്ച്.എസ്.തൃശ്ശൂർ - അറബിക്, സംസ്കൃതം, ഉർദു, മോഡൽ ഗേൾസ് എച്ച്.എസ്.തൃശ്ശൂർ - കണക്ക്, എച്ച്.എസ്.എസ്.ചാവക്കാട് - ഇംഗ്ളീഷ്, എസ്.കെ.എച്ച്.എസ്.എസ്.ഗുരുവായൂർ - സോഷ്യൽ സയൻസ്, വി.എച്ച്.എസ്.എസ്.ചാലക്കുടി - മലയാളം രണ്ടാം പേപ്പർ, ഗേൾസ് എച്ച്.എസ്.എസ്.ആലുവ - ഹിന്ദി, ഗേൾസ് എച്ച്.എസ്.എസ്.എറണാകുളം - ബയോളജി, എസ്.ആർ.വി.ജി.*(*എം*)* എച്ച്.എസ്.എസ്.എറണാകുളം - കെമിസ്ട്രി. മാർച്ച് *29, 30* എം.ജി.എം.എച്ച്.എസ്., തിരുവല്ല - മലയാളം ഒന്നാം പേപ്പർ, എച്ച്.എസ്.വർക്കല - ഇൻഫർമേഷൻ ടെക്നോളജി, മോഡൽ ബോയ്സ് എച്ച്.എസ്.തൈയ്ക്കാട്, തിരുവനന്തപുരം - ഫിസിക്സ്. ഉത്തരക്കടലാസ് മൂല്യനിർണയം ഈ വർഷം സംസ്ഥാനമൊട്ടാകെയുള്ള *54* ക്യാമ്പുകളിലായാണ് നടത്തുന്നത്. രണ്ടര മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയത്തിന് കൂടുതൽ അദ്ധ്യാപകർ ആവശ്യമുള്ളതിനാൽ, ഇംഗ്ളീഷ്, സോഷ്യൽ സയൻസ്, കണക്ക് വിഷയങ്ങളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയം നടത്തുന്നതിന് ഇത്തവണ ഓരോ സോണിലും രണ്ട് ക്യാമ്പുകൾ വീതം സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്താകെ ഒരു ക്യാമ്പ് മാത്രമുണ്ടായിരുന്ന അറബി, ഉർദു, സംസ്കൃതം വിഷയങ്ങൾക്ക് ഒരു ക്യാമ്പുകൂടി അധികമായി ക്രമീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെക്കാൾ *13* മൂല്യനിർണയ ക്യാമ്പുകൾ കൂടി അധികമായി ഈ വർഷം പ്രവർത്തിക്കും. മാർക്കുകളുടെ ടാബുലേഷൻ ജോലികൾ പരീക്ഷാ ഭവനിൽ ഏപ്രിൽ മൂന്ന് മുതൽ ആരംഭിക്കും.